(സി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഈ പരിപാടി ഏത് ഏജൻസിയാണ് നടപ്പിലാക്കിയതെന്നും ആർക്കെല്ലാം കോഴിക്കുഞ്ഞുങ്ങളെ നൽകിയെന്നും അറിയിക്കാമോ?

ഉത്തരം

(എ—സി) കോഴിക്കുഞ്ഞുങ്ങളും കൂടും നൽകുന്ന പദ്ധതി കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ ബ്ലോക്ക് തലത്തിൽ വനിതാ വികസന സംഘങ്ങൾ രൂപീകരിച്ച് നടത്തിവരുന്നു. അമ്പലപ്പുഴ ബ്ലോക്കിലും ഈ പരിപാടി നടപ്പിലാക്കിയത് കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷനാണ്. കോർപ്പറേഷൻ ലഭ്യമാക്കിയ കണക്ക് പ്രകാരം അമ്പലപ്പുഴ ബ്ലോക്കിൽ 576 പേർക്ക് കോഴിക്കുഞ്ഞുങ്ങളെ നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ സ്ഥലത്തെയും എം.എൽ.എ.-മാരുമായും ഈ പദ്ധതിയെപ്പറ്റി ആലോചിച്ചിട്ടുണ്ട്. അമ്പലപ്പുഴയിലെ എം.എൽ.എ.-യുമായും ആലോചിച്ചിരുന്നു. അദ്ദേഹം നിർദ്ദേശിച്ചതനുസരിച്ച് അദ്ദേഹത്തിന്റെ പ്രതിനിധിയായ ശ്രീ. കരുമാടി മുരളിയുമായി ആലോചിച്ചാണ് അമ്പലപ്പുഴയിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നത്.

ചക്കര ചെത്ത്

82 [1089] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് ചക്കര ചെത്ത് അനുവദിക്കുന്നുണ്ടോ;

(ബി) ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന ചക്കര കേരളത്തിലെ മാർക്കറ്റുകളിൽ വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) വിശദ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

കൊപ്ര സംഭരണത്തിൽ നടന്ന ക്രമക്കേട്

83 [1090] ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ ക്രമക്കേടുണ്ടെന്നാണ് വിജിലൻസ് കണ്ടെത്തിയത്; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) ഇപ്പോൾ കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly